# 200 ദിവസം പിന്നിടുന്ന മലപ്പുറത്തെ മദ്യവിരുദ്ധ സത്യഗ്രഹം

**ഐ. സമീൽ**

**പ്രകടനങ്ങളും** സമരങ്ങളും 'സംഘടിപ്പിക്കുക' ഇന്ന് കേരളത്തിൽ വലിയ കാര്യമല്ല. ലോഡുകണക്കിന് പ്രകടനത്തൊഴിലാളികളെ അണിനിരത്തി നഗരത്തെ 'വീർപ്പുമുട്ടിച്ചും' 'സ്തംഭിപ്പിച്ചു'മുള്ള പ്രകടനങ്ങൾ പത്രകോളങ്ങളിൽ വാർത്തയല്ലാതായിക്കഴിഞ്ഞു. ഈ പശ്ചാത്തലത്തിലാണ് മൂലധന പിന്തുണയില്ലാതെയും ബഹളങ്ങളില്ലാതെയും മലപ്പുറത്ത് മദ്യവിരുദ്ധ സത്യഗ്രഹ സമരം 200 ദിവസം പിന്നിടുന്നത്. കേരള മദ്യനിരോധന സമിതിയുടെ നേതൃത്വത്തിൽ മലപ്പുറം കലക്ടറേറ്റിനു മുന്നിൽ നടക്കുന്ന സമരം, നന്മയിൽ കൈകോർക്കുന്ന വലിയൊരു സമൂഹം ഇവിടെ ജീവിച്ചിരിക്കുന്നുവെന്ന അടയാളപ്പെടുത്തലിന്റെ കൂടി സാക്ഷ്യമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മദ്യനിരോധമേർപ്പെടുത്താൻ അധികാരം നൽകുന്ന പഞ്ചായത്തീരാജ്-നഗരപാലികാ ആക്ടിലെ രണ്ടു വകുപ്പുകൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടാണ് സമരം. മത, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ ഒട്ടേറെ പേരുടെ പൂർണ പിന്തുണയുള്ള സമരം മലപ്പുറത്തെ നന്മയിൽ പ്രതീക്ഷയുള്ളവരുടെ ഐക്യപ്പെടൽ കൂടിയായി മാറുകയായിരുന്നു. 36 സംഘടനകളുടെ പിന്തുണയോടെ നടക്കുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വിവിധ കലാ സാംസ്കാരിക ബോധവത്കരണ പരിപാടികളും ജില്ലയിൽ നടന്നു. സമരത്തിന് പിന്തുണയുമായി ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ പോഷക ഘടകങ്ങളും മുൻപന്തിയിലുണ്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമി, സോളിഡാരിറ്റി, എസ്.ഐ.ഒ, ജി.ഐ.ഒ, വനിതാ വിഭാഗങ്ങൾ ഐക്യദാർഢ്യവുമായി രംഗത്തെത്തി. സമരത്തെ പിന്തുണച്ച് ജി.ഐ.ഒ നടത്തിയ പ്രകടനം ദേശീയ പത്രങ്ങളിൽ വരെ സ്ഥാനം പിടിച്ചു. ശാന്തപുരം അൽജാമിഅ അൽഇസ്‌ലാമിയയിലെ വിദ്യാർഥികൾ മലപ്പുറത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിപ്പിച്ച തെരുവുനാടകവും ഏറെ ശ്രദ്ധ നേടി. ഏകതാ പരിഷത്ത് നേതാവും പദയാത്ര ഗാന്ധി എന്ന പേരിൽ പ്രശസ്തനുമായ പി.വി രാജഗോപാൽ, ജസ്റ്റിസ് പി.കെ ശംസുദ്ദീൻ തുടങ്ങി ഒട്ടേറെ പേർ സമരപ്പന്തലിലെത്തി.

സമരത്തിന് പൂർണ പിന്തുണ നൽകിയ മുസ്‌ലിം ലീഗിന്റെ സാന്നിധ്യവും പരാമർശാർഹമാണ്. മുസ്‌ലിം ലീഗിന്റെ ജില്ലയിൽനിന്നുള്ള മുഴുവൻ എം.എൽ.എമാരും ജില്ലാ പഞ്ചായത്ത് അംഗങ്ങളും പിന്തുണ അറിയിച്ച് വിവിധ ഘട്ടങ്ങളിലായി സമരപന്തലിലെത്തി. മലപ്പുറം ജില്ലാപഞ്ചായത്ത് സമരം തീർപ്പാക്കാൻ സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ട് പ്രമേയം പാസ്സാക്കുകയുണ്ടായി.

നായനാർ സർക്കാർ പഞ്ചായത്തീരാജ്-നഗരപാലിക ആക്ടിൽ നിന്ന് ഈ വകുപ്പുകൾ റദ്ദാക്കിയ ഘട്ടത്തിൽ തന്നെ മദ്യനിരോധന സമിതി സമര രംഗത്തുണ്ടെന്ന് സമര സഹായ സമിതി പറഞ്ഞു. ഈ വകുപ്പുകൾ പ്രാബല്യത്തിലുണ്ടായിരുന്ന സന്ദർഭത്തിൽ കേരളത്തിലെ 66 ഗ്രാമപഞ്ചായത്തുകളിൽ മദ്യ നിരോധം നടപ്പാക്കിയത് ഈ നിയമത്തിനുള്ള ശക്തി വെളിപ്പെടുത്തുന്നു.

സമരം ശക്തിപ്പെടുത്തുന്നതിനായി സെക്രട്ടേറിയറ്റ് നടയിൽ 50 ദിവസം സത്യഗ്രഹം നടത്തിയിരുന്നു. തുടർന്ന് സംസ്ഥാനമൊട്ടുക്കും സമരം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ കലക്ടറേറ്റിനു മുന്നിൽ 100 ദിവസം സത്യഗ്രഹം അരങ്ങേറി. ഇതിനു ശേഷമാണ് കഴിഞ്ഞ വർഷം ആഗസ്റ്റ് 21 മുതൽ മലപ്പുറം കലക്ടറേറ്റ് നടയിൽ സമരം തുടങ്ങിയത്. മദ്യം നിഷിദ്ധമെന്ന് വിശ്വസിക്കുന്ന മുസ്‌ലിം സമുദായത്തിന് ഭൂരിപക്ഷമുള്ള മലപ്പുറം ജില്ലയിൽ സമരത്തിന് മികച്ച പിന്തുണ ലഭിക്കുമെന്ന വിശ്വാസത്തിലാണ് സമരം മലപ്പുറത്തേക്ക് മാറ്റിയതെന്ന് സമര സഹായ സമിതി പറഞ്ഞു. ജില്ലയിൽനിന്ന് എല്ലാ വിഭാഗം മതസ്ഥരിൽനിന്നും ലഭിച്ച പൂർണ പിന്തുണ ഈ വിശ്വാസം ശരിയാണെന്ന് തെളിയിച്ചതായും സമര സഹായ സമിതി പറഞ്ഞു.

'ദൈവ നീതിക്ക് എതിരായ രാജനീതിക്കെതിരെ പൊരുതുക' എന്ന അടിസ്ഥാനത്തിലാണ് വിവിധ മത വിഭാഗങ്ങൾ സമരത്തോട് ഐക്യപ്പെടുന്നത്.

സമരത്തിനുനേരെ കണ്ണടക്കാനാവില്ലെന്ന അവസ്ഥയിലാണ് സംസ്ഥാന സർക്കാറിപ്പോൾ. കഴിഞ്ഞ വർഷം ആഗസ്റ്റ് 21 മുതൽ തുടങ്ങിയ സത്യഗ്രഹ സമരത്തെ പൂർണമായും അവഗണിക്കുന്ന നിലപാടാണ് ആദ്യഘട്ടത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ടത്. നിയമസഭയിൽ സമരത്തെ കുറിച്ച് മുസ്‌ലിം ലീഗ് എം.എൽ.എ കെ. മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന്, അങ്ങനെയൊരു സമരം നടക്കുന്നതായി അറിവില്ലെന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദുകുട്ടി മറുപടി നൽകിയത്. ഇത് ഏറെ ഒച്ചപ്പാടിനിടയാക്കിയിരുന്നു. പിന്നീട് ആകാശവാണിയുമായുള്ള അഭിമുഖത്തിൽ മന്ത്രിയോട് സമരത്തെ കുറിച്ച് വീണ്ടും ചോദ്യമുന്നയിച്ചു. സമരം നടക്കുന്നെന്ന് സമ്മതിക്കാൻ നിർബന്ധിതനായ മന്ത്രി, പക്ഷേ സമരം ദുരുദ്ദേശ്യ പ്രേരിതമാണെന്ന് ആരോപിച്ചു. ഈ നിയമം നടപ്പിലാക്കിയാൽ നാട്ടിൽ അരാജകത്വമാണുണ്ടാവുകയെന്ന വിചിത്ര വാദവും അദ്ദേഹം ഉന്നയിച്ചു. പിന്നീട് നിയമസഭയിൽ അഡ്വ. എം. ഉമ്മർ എം.എൽ.എ സമരത്തെ കുറിച്ച് സബ്മിഷൻ ഉന്നയിച്ചപ്പോൾ സമരം ശക്തമാണെന്ന് അംഗീകരിച്ച സർക്കാർ വിഷയത്തെ കുറിച്ച് മലപ്പുറം ജില്ലാ കലക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കി.

സത്യഗ്രഹ സമരം 200 ദിവസം പിന്നിടുന്നതിനോടനുബന്ധിച്ച് മാർച്ച് 11ന് മലപ്പുറം കലക്ടറേറ്റ് ധർണ നടത്താനാണ് സമര സമിതിയുടെ തീരുമാനം. ഭൗതികാർഥത്തിൽ വിജയിച്ചാലും പരാജയപ്പെട്ടാലും സമരം അതിന്റെ ലക്ഷ്യത്തിന്റെ വിശുദ്ധിയാലും സംഘാടനത്തിലെ എളിമയാലും ഒട്ടേറെ പാഠങ്ങൾ പകർന്നുനൽകുന്നുവെന്നത് ഇതിന്റെ മഹത്വം വർധിപ്പിക്കുന്നു. ■